# തീരത്തിന്റെ സ്വരം

അവൾ ഒരു നിമിഷം കൂടി അയാളെ നോക്കി. ഭർത്താവ് ഗൌരവത്തിലാണ്. ഒരു പൊടിപ്പൻ സംഗതി പറഞ്ഞുതീരത്തഗൌരവം.

അവൾ കണ്ണീരിന്റെ നനവ് ശബ്ദത്തിൽ കലരാതിരിക്കാൻ ആവുന്നത്ര ശ്രദ്ധിച്ചു. എന്നിട്ടു പറഞ്ഞു: ''സൂരജ്, നിങ്ങളും ഞാനും രണ്ടു കരകളിലാണ്. നമ്മുടെ വഴികൾ കൂട്ടിമുട്ടുമെന്നു കരുതിയതാണ് തെറ്റ്. വെറും ചെറുപ്പത്തിന്റെതിളപ്പ്.''

അയാൾ പെട്ടെന്നു തിരിഞ്ഞുനോക്കി, ഒന്നും മിണ്ടാതെ അവളുടെ മുഖത്തു കണ്ണുനട്ടിരുന്നു. വളഞ്ഞു കറുത്ത പുരികങ്ങളും നേർത്ത ചുണ്ടുകളും അവളുടെ മനസ്സിൽ ഇടിവാളുപോലെ നിന്നു. ഇടിവാൾ അവൾക്കിഷ്ടമായിരുന്നു. പെട്ടെന്നാണ്അവൾചിരിച്ചത്.അയാൾവീണ്ടുംഒന്നുംമിണ്ടിയില്ല. അവളെആദ്യമായി കാണുകയാണെന്നതു പോലെ നോക്കി.

അയാളുടെ കൈപ്പടങ്ങൾക്ക് മീതെ സ്വന്തം കൈപ്പടം വിടർത്തിവെച്ച് അവൾ തുടർന്നു: ''ജീവിതത്തിൽ ഇക്കാലത്ത് ചിരിക്കാൻ മറക്കാതിരിക്കാനാണ് പാട്.'' ഒരു നിമിഷം അവൾ നിർത്തി. ''ഞാൻ കരയുകയാണെന്നു വിചാരിക്കേണ്ട.അല്ല.ഒരുകാര്യംപറയാനുണ്ട്.പക്ഷേനമുക്കുചിരിച്ചുകൊണ്ട്പിരിയണം.''

അയാൾ മേശപ്പുറത്തെ പ്ലെയ്റ്റുകളിൽ വിരലനക്കി ശബ്ദമുണ്ടാക്കി. അവരുടെ ഇടയിൽ എന്നിട്ടും നിശ്ശബ്ദതയുടെ കനത്ത പാളി ചിതറാതെ നിന്നു. അയാളുടെ കണ്ണുകളായി കൂട്ടിമുട്ടാതിരിക്കാൻ അവൾ പലയിടത്തും വെറുതെ നോക്കി. അയാളുടെ കണ്ണുകളിൽ താൻ കാണാനാശിച്ച സ്വപ്നങ്ങൾ ബാക്കി കിടക്കുന്നുണ്ടാവും.

അയാൾ പെട്ടെന്നാണ് പറയാൻ തുടങ്ങിയത്: ''നിനക്ക് മാത്രമേ മനസ്സും ഹൃദയവുമുള്ളൂ. നിനക്കു മാത്രമെ വേദനയുള്ളൂ. ഞാൻ കല്ലുകൊണ്ടു  സൃഷ്ടിക്കപ്പെട്ടതാണെന്നാണ് നിന്റെ ഭാവം അപമാനവും അഭിമാനവും സങ്കടവും ദേഷ്യവും നിന്റെ മാത്രം കുത്തകയാണ്. നിനക്കെന്തും പറയാം. പക്ഷേ ഞാൻ...ഞാൻ അവൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അയാൾ കിതച്ചുകൊണ്ടു നിർത്തിയപ്പോൾ അവൾ സാവധാനം ചിരിച്ചു. എന്നിട്ടുപറഞ്ഞു:''സുരജ്നിങ്ങൾപറയുന്നതൊക്കെ,പറഞ്ഞതൊക്കെശരിയാണ്.ഞാൻസ്വാർത്ഥിയാണെന്നും. അഹംഭാവിയാണെന്നും. നിങ്ങളുടെ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവളാണെന്നും നിങ്ങൾ പറഞ്ഞിട്ടില്ലേ. അതെല്ലാം ശരിയാണ്. നിങ്ങളേക്കാൾ നന്നായിട്ടതൊക്കെ എനിക്കറിയാം, ഞാൻ സ്നേഹമില്ലാത്തവളാണ് , തന്റേടിയാണ്, സ്വന്തം കാര്യസിദ്ധിക്കുവേണ്ടി എന്തു ചെയ്യാനും  മടിയില്ലാത്തവളാണ്. അതിനെ ന്യായീകരിക്കുന്നവളാണ്. ആത്മാഭിമാനം തൊട്ടു തെറിച്ചിട്ടില്ലാത്തവളാണ്. ഞാൻ സമ്മതിക്കുന്നു. ഈ നാലു കൊല്ലത്തിൽ ശേഷവും അതൊന്നും അൽപ്പമെങ്കിലും മാറ്റാൻ എനിയ്ക്കു കഴിഞ്ഞില്ല. ഇനി കഴിയുമെന്നു പിന്നെ വിശ്വസിക്കുനനെതെങ്ങിനെയാണ് ? സൂരജ്ആണായിപിറന്നതിനാൽ യാതൊന്നും മാറ്റേണ്ട കാര്യവുമില്ല. അപ്പോൾ പിന്നെ എന്തു ചെയ്യും നാണം കെട്ടവളും തൻകാര്യം നോക്കുന്നവളും ആയ ഞാൻ അങ്ങയ്ക്കൊരു ഭൂഷണമാവില്ല.''

വിയർപ്പു പൊടിഞ്ഞ മുഖം അമർത്തിത്തുടച്ച് അയാൾ കിതച്ചു. ''ശരിയാണ്. നീപറഞ്ഞതു ശരിയാണ്, പക്ഷേ വേണ്ടെന്നു വെയ്ക്കുന്നത് എനിക്കു തോന്നുമ്പോളാകാം. നീയാരാണ് കൽപ്പിക്കാൻ ? നീചെയ്തതിലല്ല ഞാൻ പറഞ്ഞതിലാണ് തെറ്റ് ? കല്യാണത്തിനുമുൻപ് ഒരുത്തന്റെ മുൻപിൽ...വേണ്ട വേണ്ട.ഞാൻപറയുന്നില്ല...

അവളുടെ ശാന്തമായ ചിരികണ്ടതുംഅയാൾപെട്ടെന്നുനിർത്തിമിഴിച്ചിരുന്നു. ആ ചിരി ഒരിക്കലുംനല്ലതല്ല. തീരുമാനമെടുത്ത ശേഷമുള്ള ചിരി അവളുടെ പ്രത്യേകതയാണ്. അതിന്റെ അർത്ഥം നല്ല പോലറിയുകയും ചെയ്യുന്നു.

തന്റെ ശബ്ദത്തിൽ നിന്നും അത്ഭുതവും സങ്കടവും മാറി നിൽക്കുന്നതു കൊണ്ട് അവൾക്കു തന്നെ അത്ഭുതം തോന്നി.അവൾവളരെ പതുക്കെയാണ് തുടർന്നത്: ''സുരൂ,എന്തിനാണ്ആവർത്തനം ? അങ്ങുപറയുന്നതൊക്കെ ശരിയാണെന്നുഞാൻസമ്മതിക്കുമ്പോൾഎന്തിനാണാവർത്തനം ?പറഞ്ഞു പറഞ്ഞ്എപ്പോഴും ഒരെ ദിക്കിൽ നാം പലപ്പോഴായി എത്തുന്നു. സുരുവിന്റെ തെറ്റാവില്ല. പക്ഷേ മനസ്സിലായതു വീണ്ടും വീണ്ടും പറഞ്ഞു കേൾക്കുമ്പോൾ എനിക്കറയ്ക്കുന്നു. ഞാൻ ചീത്തയാണെന്ന്, പ്രത്യേക സ്വഭാവക്കാരിയാണെന്ന്. നാം കണ്ടുമുട്ടുമ്പോഴൊക്കെ സുരുവിനറിയാമായിരുന്നല്ലൊ. ഞാൻ മറ്റൊരുത്തന്റെ കാമുകിയാണെന്നും അറിയാമായിരുന്നു. കല്യാണത്തിനു മുൻപ് ഞാനൊരിക്കലും നല്ലവളാണെന്നൊന്നും നടിച്ചിട്ടില്ല. ചോദിച്ചതിനൊക്കെ സത്യസന്ധമായിതന്നെ മറുപടി തന്നിട്ടുണ്ട്. കൂട്ടുകൂടാനും ഒരുമിച്ചു നടക്കാനും വീണ്ടും താൽപര്യം കാട്ടാത്തതിനു് എന്നെ എത്ര ദ്വേഷിച്ചിട്ടുണ്ട് സുരു ? അന്നു് ഓമനയായിരുന്നു ഞാൻ. ഒന്നുകൂടി തിരുത്തിപ്പറഞ്ഞാൽ പുതുമയുള്ള കളിപ്പാട്ടം പക്ഷേ, എത്ര ഇഷ്ടപ്പെട്ടതായാലും  കളിപ്പാട്ടത്തിനു്  അതിന്റെ വിലയേയുള്ളൂ;

അല്ലേ ?  നിറം മങ്ങിയാൽ എന്തു കാര്യം ? പക്ഷേ, ഒന്നേ പറയാനുള്ളൂ. ഞാനെന്നും ഞാനായിത്തന്നെയാണ് സുരുവിന്റെ മുന്നിൽ നിന്നത്. എന്റെ കാമുകന്റെ കൂടെ സവാരിക്കു പോയതും ഒരുമിച്ചുറങ്ങിയതും ഞാൻ തന്നെയാണ് സുരുവിനോട് പറഞ്ഞത്. എനിക്ക് പറയാതിരിക്കാമായിരുന്നു. പറഞ്ഞതു വിനയംകൊണ്ടും ദയകൊണ്ടും സ്നേഹം കൊണ്ടുപോലുമല്ല. പറയുന്നത് ഒരു രസവും ആവശ്യവുമായി തോന്നി. ക്രൂരമായ

സന്തോഷവും ഉണ്ടായിരുന്നു.പറയാതിരിക്കുന്നത്ഞാൻഎന്നോട്ചെയ്യുന്നനീതിയല്ലെന്നു തോന്നി. ഒന്നൊളിച്ചു വെയ്ക്കാനിഷ്ടപ്പെടാത്തതും ഒളിച്ചുവെയ്ക്കാൻ കഴിയാത്തതും തമ്മിൽ വ്യത്യാസമുണ്ട്. ഒളിച്ചുവെയ്ക്കുന്നതു വഞ്ചനയാണെന്നതു കൊണ്ടല്ല. എന്നെ ഞാൻതന്നെ നിഷേധിക്കുകയാണ് എന്നതുകൊണ്ടാണ് പറഞ്ഞത്. വഞ്ചനകൊണ്ട് നേടാൻതക്കവിധം ഭർത്താവിന്റെആവശ്യംഅന്ന്എനിക്കുതോന്നിയിരുന്നില്ല.

രാജു തിരസ്ക്കരിച്ച എന്നോട്  സുരു അന്നു പറഞ്ഞ വാക്കുകൾ ഞാൻ മറന്നിട്ടില്ല. കല്യാണമെന്ന വാക്കിനർത്ഥം ഞാൻ മനസ്സിലാക്കിയതനുസരിച്ച്. ഞാനും രാജുവും വിവാഹിതരായിരുന്നു. ഭർത്താവിന്റെ കൂടെയുറങ്ങുന്നസ്ത്രീയുടെ സ്വസ്ഥതയും സുരക്ഷാബോധവും എനിക്കുണ്ടായിരുന്നു. രാജു കൈവിട്ടപ്പോൾ നാം എന്നന്നേയ്ക്കുമായി പിരിയണം നിതെ എന്നു പറഞ്ഞപ്പോൾ ഞാൻ വിധവയായെന്നു തോന്നി. സുരു ആ ദിനങ്ങൾ മറന്നിരിക്കില്ല. സുരു ദയാലുവായി. എന്റെ വേദന മനസ്സിലാക്കുവാനായിട്ടാണ് എന്നെ സമീപിച്ചത്. ഞാൻ മാറിനിന്നപ്പോഴൊക്കെ വലിച്ചടുപ്പിച്ചത് സുരുവാണ്. ഭൂതകാലം മറക്കാനും തന്റെ ഭാര്യയായി ഇരിക്കാനും അപേക്ഷിച്ചത് സുരുവാണ്.എന്നെഭാര്യയായി തിരഞ്ഞെടുക്കാനുള്ള കാരണം. പിന്നീട് നല്ല വെളിച്ചത്തിലിരുന്നു പക്ഷേ ഞാൻ ആലോചിച്ചിട്ടുണ്ട്. ഇന്നും എനിക്കറിയില്ല. ജീവിതത്തെ അങ്ങനെ അറച്ചറച്ച് ഞാൻ വീണ്ടും കയ്യിലെടുത്തു. സത്യം വ്യാമോഹങ്ങളൊന്നും എനിക്കുണ്ടായിരുന്നില്ല. ഞാൻ ജീവിച്ചത് ആർക്കും വേണ്ടിയല്ല എനിക്കവേണ്ടിത്തന്നെയായിരുന്നു. മരണംഎന്നുംഎന്നെപേടിപ്പെടുത്തി!

അവൾ പെട്ടെന്നു നിർത്തി നിറഞ്ഞ കണ്ണുകളിലെ വെള്ളം അപ്പോൾ അയാളുടെ കണ്ണിൽപ്പെട്ടു. അയാൾ ചുണ്ടുകൾ നനച്ചു. പതിവുപോലെ അവളേയും ചുമരിനേയും മാറാമാറി നോക്കി അസ്വസ്ഥതയോടെ തിരിഞ്ഞിരുന്നു.

അവൾ പറഞ്ഞു: ''കരഞ്ഞു പോയതിനെ കാര്യമാക്കേണ്ട അതെനിക്ക് എപ്പോഴും പറ്റിപ്പോകുന്ന അബദ്ധമാണെന്നു് അറിയാലോ. പിന്നെ ഞാൻ പറഞ്ഞു തുടങ്ങി; ഇനി മുഴുവൻ പറയണം. ശ്രദ്ധിക്കണമെന്നു ഞാൻ പറയുന്നില്ല. കാരണം ആവർത്തനങ്ങൾ കാണും. എനിക്കുമില്ല പുതുമയൊന്നും പറയാൻ. പലയിടത്തു പറഞ്ഞ പല വാക്കുകൾ തന്നെയാണിവ.ഞാൻപറഞ്ഞുവന്നത്മരണത്തെപറ്റിയായിരുന്നു. വ്യാമോഹിക്കാൻ ഞാൻ പഠിച്ചത് സുരവിന്റെ അടുത്തു വന്നിട്ടാണ്. പക്ഷേ, എന്നും ഒരു വലിയ മുറിവുമായി നടക്കുന്ന പുലിയെ പോലെയായിരുന്നു ഞാൻ. ഒരു ചെറിയ മുള്ളേറ്റാൽ ഞാൻ കണ്ടതൊക്കെ കടിച്ചു കീറി. വേദന സഹിക്കവയ്യാതാകുമ്പോൾ ഞാൻ ചീറി. ആ ചീറ്റലിന്റെ ശക്തിയിലെപ്പോഴും എനിക്ക് കൂടുതൽ വേദനിച്ചു. പക്ഷേ,സുരുപറയാറുള്ളതു പോലെഞാനങ്ങിനെയാണ്. പിന്നീട്എന്റെമർമ്മം,നല്ലപോലെഅറിയാവുന്നസുരു ഇടക്കിടെ അവിടെത്തന്നെ ചവിട്ടുക പതിവാക്കി. അങ്ങിനെയാണ് ആദ്യമായി സുരവിന്റെ മുന്നിൽ ഞാൻ കരഞ്ഞത്. കരയാൻതുടങ്ങിയതു്.

ഇനിയും അങ്ങിനെചെയ്യില്ലെന്നറപ്പൊന്നുമില്ല. സുരു പറഞ്ഞിരുന്നു. രാജുവിന്റെ ഭാര്യയല്ല വെപ്പാട്ടിയായിരുന്നു നീ.അന്നുരാത്രികണ്ണു തുറന്നുകിടക്കുമ്പോൾസുരു,അങ്ങ്പറഞ്ഞത്ശരിയാണെന്നെനിക്കു തോന്നി. അന്ന് അങ്ങറിയാതെ ഞാനൊരുപാട് കരഞ്ഞു. ആ വാക്കിന്റെ ശരിയായ അർത്ഥം അന്നാണ് ഞാനാലോചിച്ചത്. ഒരു പക്ഷേ അതിന്റെ ശരിയായ അർത്ഥം സുരുവിനിപ്പോഴും അറിയുകയില്ല. പിറ്റെദിവസം ആ കണ്ണീർ ഉണങ്ങിയത് സുരുതന്നെ തുടച്ചിട്ടായിരുന്നു ഞാൻ വീണ്ടും ചിരിച്ചു. മൂന്നു ദിവസത്തിനുശേഷം ഇനിയും നിങ്ങൾഅതേമുറിവിൽചവിട്ടി. തുറന്നിട്ട മുറിയിൽ നിർത്തിഅങ്ങെന്നെചുംബിച്ചപ്പോൾ 'നാണമില്ലല്ലൊ' എന്നു പറഞ്ഞതിനായിരുന്നു അത്. തന്റെ ചുണ്ടിലെ കുസൃതിച്ചിരി വറ്റുന്നതിനുമുൻപാണ് ആ ചവിട്ടേറ്റത്. രാജുവിന്റെ മുൻപിൽ നീകാണിച്ചനാണമില്ലായ്മയേക്കാളും ഭേദമാണെന്നു്  നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ നിന്നപടി നിൽക്കുകയായിരുന്നു. നിങ്ങളുടെ മുഖത്തെ ഗൌരവും എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. തമാശ പറയുകയായിരിക്കുംഎന്നുഞാൻകരുതി.പതുക്കെപതുക്കെനാണമില്ലാത്ത, വെപ്പാട്ടിയായഎന്റെമുഖംഞാൻ കാണാൻ തുടങ്ങി. സുരുവിനെ കണ്ട്കൊണ്ട് അന്ന് അങ്ങനെ നിൽക്കുമ്പോൾ എനിക്കൊരാശ തോന്നി. നിന്നിടം പിളർന്നുതാഴോട്ടു പോകാൻഎനിക്കനങ്ങണ്ട.അനങ്ങാൻകഴിയരുത്.

ഞാൻ സീതയല്ലാതിരുന്നതിനാലാവാം ഭൂമി പിളർന്നില്ല. ഞാൻ വിണ്ടും ഭൂമിക്കു മുകളിലൂടെ നടന്നു. പിളരുന്ന ഭൂമിക്കായി കാത്തിരുന്നു. പക്ഷേ, ഒന്നു മുണ്ടായില്ല. ചോറു കൊടുക്കുന്ന നായക്ക് ഒരടി കൊടുക്കുന്ന ഭാവവുംഅവകാശവുംആയിരുന്നുഅങ്ങയ്ക്കു്,കാൽനക്കുന്നനായയുടെ തലയിൽ ഒരു രസത്തിന്ആഞ്ഞടിക്കുന്ന യജമാണന്മാരുണ്ട്. ഇന്ന് ഇതാ ഇവിടെവെച്ചു പൊടുന്നനവെയാണ് ഞാൻ നായയായിത്തീർന്നിരിക്കുന്നു എന്നറിഞ്ഞത്. പുതിയ അറിവുകൾ എന്നും ദു:ഖമാണ് എനിക്കു തരുന്നതെന്നു തോന്നുന്നു. ഇന്നും എനിക്കു വിഷമം തോന്നി, വെപ്പാട്ടിയാവുകയോ നായയാവുകയൊ ഭേദംഎന്ന്ആലോചിക്കുകയാണ്ഞാനിപ്പോൾ.അതു ചോദിക്കാനും എനിക്കു മറ്റാരുമില്ല. ആദ്യമായും അവസാനമായും ചോദിക്കാവുന്നത് അങ്ങയോടാണ്. ഈ ചങ്ങല പൊട്ടിച്ച് ഭ്രാന്തെടുത്ത് ഒരു ദിവസം ഞാനോടിയെങ്കിൽ പോലും  യജമാന സ്നേഹമുള്ള നായയായിരുന്നു ഞാനെന്നു്അങ്ങുപറയണം.കാരണംഎനിക്കങ്ങയെസ്നേഹമാണ്.